## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 398 | 04.02.2020 - ൽ മറുപടിക്ക് |
|---|---|

## ഇൻപുട്ട് ടാക്സ് ആയി ലഭിക്കേണ്ടിയിരുന്ന തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.വി. വിജയദാസ് : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | 2019-20 സാമ്പത്തിക വർഷം 'ഇൻപുട്ട് ടാക്സ്' ഇനത്തിൽ 2019 ഡിസംബർ 31 വരെ കേരളത്തിന് ലഭിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നുവെന്നും ഇതിൽ എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | വ്യാപാരികൾ ഐ.ജി.എസ്.ടി ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി അടയ്ക്കുന്ന തുകയാണ് പ്രധാനമായും ഇൻപുട്ട് ടാക്സ് എന്ന ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നത്. ഇത് വ്യാപാരികൾ ഓൺലൈനായി റിട്ടേൺ ഫയൽ ചെയ്യുന്ന മുറയ്ക്ക് അത് കണക്കു കൂട്ടി അതാത് മാസാവസാനം സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നതാണ്. IGST Settlement of Fund Rules 10 പ്രകാരം ആണ് ഇത് ലഭ്യമാക്കുന്നത്. 2019-20 സാമ്പത്തിക വർഷം 31-01-2020 വരെ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| മാസം | IGST Utilized or payment of SGST (Rs. Core) |
|---|---|
| ഏപ്രിൽ 2019 | 871.16 |
| മേയ് 2019 | 849.29 |
| ജൂൺ 2019 | 921.51 |
| ജൂലൈ 2019 | 911.57 |
| ആഗസ്റ്റ് 2019 | 815.64 |
| സെപ്റ്റംബർ 2019 | 834.85 |
| ഒക്ടോബർ 2019 | 731.46 |
| നവംബർ 2019 | 854.27 |
| ഡിസംബർ 2019 | 729.85 |
| ജനുവരി 2020 | 816.91 |

| | | | |
|---|---|---|---|
| (ബി) | കേന്ദ്രത്തിൽ നിന്നും ഇൻപുട്ട് ടാക്സ് സമയബന്ധിതമായി ലഭിക്കാത്തതിനുള്ള സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ; | (ബി) | കേന്ദ്രത്തിൽ നിന്നും ഇൻപുട്ട് ടാക്സ് സമയബന്ധിതമായി ലഭിക്കാത്തത്, GST കോമ്പൻസേഷൻ സെസ്സ് വഴി സ്വരൂപിക്കുന്ന compensation fund-ലെ അപര്യാപ്തതയാണ് എന്നാണ് 38, 39 ജി.എസ്.ടി കൗൺസിൽ യോഗങ്ങളിൽ കേന്ദ്രപ്രതിനിധികൾ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ Compensation Fund-ൽ മതിയായ മിച്ചമുണ്ടായിട്ടും bi-monthly compensation നൽകാതെ നീട്ടിവയ്ക്കുന്നതിലെ പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ നിരന്തരം ചൂണ്ടിക്കാണിക്കുന്നുണ്ട്. |
| (സി) | കേരളത്തിന് ഇൻപുട്ട് ടാക്സ് സമയബന്ധിതമായി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിയമപരമായി ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുകയെന്നും വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ആഗസ്റ്റ്, 2019 സെപ്റ്റംബർ മാസങ്ങളിലേത് ഒക്ടോബർ 2019 ൽ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി.<br><br>കേരളം മുൻകൈ എടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാര തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വിഷയം കേരളത്തിലെ എം.പി.മാർ പാർലമെന്റിൽ ഉന്നയിക്കുകയും ഇതിന്റെ ഫലമായി 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്ന ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു. |

(signature)

**സെക്ഷൻ ഓഫീസർ**